"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- തൂണേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ എസ്സ്.0039/17-ശൈശവോൽസവം അങ്കണവാടി പദ്ധതിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(എ.സി)വകുപ്പ്**

സ.ഉ.(സാധാ) നം.245/2022/LSGD തീയതി,തിരുവനന്തപുരം, 05-02-2022

പരാമർശം:- 1. തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.01.2018 ലെ അപേക്ഷ.

2. ഗ്രാമ വികസന കമ്മീഷണറുടെ 11.11.2021 ലെ സി.ആർ.ഡി/1281/2021-ഡിപി-3 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ശിശു വികസന ഓഫീസർ നിർവ്വഹണം നടത്തിയ എസ്സ്.0039/17-'ശൈശവോൽസവം അങ്കണവാടി' എന്ന പദ്ധതിക്ക് സാധൂകരണം നൽകണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമവികസന കമ്മീഷണർ എന്നിവർ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നെങ്കിലും പദ്ധതി മാർഗ്ഗരേഖയിൽ അനുമതിയില്ലാത്തതിനാൽ സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കണമെന്ന് ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിർദ്ദേശിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ വളരെ പിന്നോക്കം നിൽക്കുന്ന മേഖലകൾ ഉൾപ്പെട്ട തൂണേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കുട്ടികളുടെ സർഗാത്മക ശേഷി വളർത്തുക എന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത് എന്നും കൂടാതെ മുൻ വർഷം പ്രദേശിക ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയ ഇതേ പദ്ധതി വൻ വിജയമായിരുന്നതിനാലാണ് 2016-2017 വർഷത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും അങ്കണവാടി കുട്ടികളുടെ മാനസിക ഉല്ലാസവും സർഗ്ഗശേഷി വികസനവും ലക്ഷ്യംവച്ച് നല്ല രീതിയിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിക്ക് സാധൂകരണം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്ന് ഗ്രാമ വികസന കമ്മീഷണറും ശിപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കലാപരിപാടികൾ നടത്തുന്നത് കുട്ടികളുടെ കലാവാസനയെ പരിപോഷിപ്പിക്കുന്നതോടൊപ്പം മാനസിക വളർച്ചക്കുള്ള പല ഘടകങ്ങളും പ്രധാനം ചെയ്യുന്നുമുണ്ട് എന്നതിനാൽ അങ്കണവാടി കുട്ടികളുടെ മാനസിക ഉല്ലാസവും സർഗ്ഗ ശേഷി വികസനവും ലക്ഷ്യംവച്ച് നല്ല രീതിയിൽ തൂണേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ എസ്സ്.0039/17-'ശൈശവോൽസവം അങ്കണവാടി' പദ്ധതിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) തിരുവനന്തപുരം, കേരളം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, തൂണേരി ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ/വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ